**No. CEE/5050/MDS-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2020 -21 അപേക്ഷകൾ ക്ഷണിച്ചു.

1. കേരളത്തിലെ സർക്കാർ ഡെന്റൽ കോളേജുകളിലേയ്ക്കും സ്വാശ്രയ ഡെന്റൽ കോളേജുകളിൽ ലഭ്യമായ സീറ്റുകളിലേയ്ക്കും 2020–21 അധ്യയന വർഷത്തിലെ വിവിധ എം.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി 2020–ലെ **NEET-MDS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ:**

i. **വിദ്യാഭ്യാസ യോഗ്യതകൾ:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.ഡി. എസ്. ബിരുദം അല്ലെങ്കിൽ 1948–ലെ ഡെന്റിസ്റ്റ് ആക്ട് പ്രകാരം ഭാരത സർക്കാർ അംഗീകരിച്ച ഡെന്റൽ കോളേജിൽ നിന്നും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ബി.ഡി.എസ്. ബിരുദം. അപേക്ഷകൻ അവസാന വർഷ ബി.ഡി.എസ്. പരീക്ഷ വിജയിച്ചശേഷം കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ നിന്നും സ്ഥിരമായ രജിസ്ട്രേഷൻ നേടുകയും 31.03.2020–നോ അതിനു മുമ്പോ സി.ആർ.ആർ.ഐ. നേടിയിരിക്കുകയും വേണം. എന്നാൽ 1988–ലോ അതിനു മുമ്പോ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഏതെങ്കിലും ഡെന്റൽ കോളേജിൽ നിന്നും അവസാന വർഷ ബി.ഡി.എസ്. പരീക്ഷയിൽ വിജയിച്ച് ബി.ഡി.എസ്.ബിരുദം നേടുകയും കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ സ്ഥിരമായോ താല്ക്കാലികമായോ രജിസ്ട്രേഷൻ നേടകുയും ചെയ്തിട്ടുള്ള അപേക്ഷകരെ ഒരു വർഷത്തെ സി.ആർ.ആർ.ഐ.യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എല്ലാ അപേക്ഷകരും പ്രവേശനത്തിനു മുമ്പ് കേരളാ സ്റ്റേറ്റ് ഡെന്റൽ കൗൺസിലിൽ നിന്നും രജിസ്ട്രേഷൻ നേടിയിരിക്കണം. (പ്രോസ്പെക്ടസ് ക്ലോസ് 4. കാണുക.)

ii. **നേറ്റിവിറ്റി:** അപേക്ഷകന് താഴെപ്പറയുന്ന ഏതെങ്കിലും യോഗ്യതയുണ്ടായിരിക്കണം.

a). **അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം.** Persons of Indian Origin (PIO)/ Overseas Citizen of India(OCI) കാർഡ് ഹോൾഡർമാരെയും ഒരു വർഷം സേവനം അനുഷ്ഠിക്കാം എന്ന ഉറപ്പിൻമേൽ പ്രവേശനത്തിനു മാത്രമായി ഇന്ത്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. എന്നാൽ (PIO)/(OCI) അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.

b). കേരളത്തിലെ ഏതെങ്കിലും ഒരു ഡെന്റൽ കോളേജിൽ നിന്നും ബി.ഡി.എസ്.ബിരുദം നേടിയ ഇന്ത്യൻ പൗരനായിരിക്കണം. കേരളത്തിലെ ഏതെങ്കിലും ഡെന്റൽ കോളേജിൽ നിന്നും ബിരുദമെടുത്ത കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/ വികലാംഗ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

iii. **വയസ്:** വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 2020 ജനുവരി 1–ന് ഇപ്രകാരമായിരിക്കും.

**ജനറൽ വിഭാഗം:** ഉയർന്ന പ്രായപരിധി ഇല്ല.

**സർവ്വീസ് വിഭാഗം** : സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി പ്രോസ്പെക്ടസ് ക്ലോസ് 4.3 പ്രകാരമായിരിക്കും.

iv. **യോഗ്യതാ മാനദണ്ഡം**: സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകരും നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ NEET MDS-2020 പരീക്ഷയിൽ യോഗ്യത നേടുകയും പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും വേണം. സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള അപേക്ഷാർത്ഥികൾ NEET MDS-2020 പരീക്ഷയിൽ കുറഞ്ഞ യോഗ്യതയായ 50 പെർസന്റയിൽ മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി, എസ്.റ്റി., എസ്.ഇ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കുറഞ്ഞത് 40 പെർസന്റയിൽ നേടിയാൽ മതിയാകും. ശാരീരിക വൈകല്യമുള്ളവരിൽ (PwD) ജനറൽ വിഭാഗക്കാർക്ക് 45 പെർസെന്റയിലും SC/ST/SEBC വിഭാഗക്കാർക്ക് 40 പെർസെന്റയിലും മതിയാകും.

3. **പ്രവേശന രീതി**: 2020–ലെ NEET MDS റാങ്ക് ലിസ്റ്റിന്റെയും പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരമുള്ള നിശ്ചിത യോഗ്യതകളുടെയും അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റിന്റെയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റി– ന്റെയും അടിസ്ഥാനത്തിലായിരിക്കും സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷകർക്കും പ്രവേശനം നൽകുന്നത്. പോസ്റ്റ് ഗ്രാജുവേറ്റ് സെലക്ഷൻ കമ്മിറ്റി അംഗീകരിച്ചശേഷം മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിക്കുന്ന യോഗ്യതാ ലിസ്റ്റിൽനിന്നും സർവ്വീസ് വിഭാഗക്കാർക്കുള്ള വെയ്റ്റേജ് തയ്യാറാക്കുന്നതാണ്.

4. **അപേക്ഷിക്കേണ്ട വിധം:**

   2020–ലെ NEET MDS പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **10.03.2020** മുതൽ **19.03.2020** വൈകുന്നേരം **5** മണി വരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. NEET MDS 2020–ന്റെ സ്റ്റുഡന്റ് ഐ.ഡി., ജനനത്തീയതി എന്നിവ നൽകി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. തുടർന്ന്, അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകി ഓൺലൈൻ അപേക്ഷ സമർപ്പിച്ച് യോഗ്യത തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകൾ സ്കാൻ ചെയ്ത ഇമേജ്, പ്രോസ്പെക്ടസ് ക്ലോസ് 12.4.–ലെ നിബന്ധനകൾക്കനുസൃതമായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയക്കേണ്ടതില്ല. എന്നാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് ഭാവി ഉപയോഗത്തിനായി സൂക്ഷിക്കേണ്ടതാണ്.

5. **അപേക്ഷാ ഫീസ്:–** ജനറൽ/എസ്.ഇ.ബി.സി വിഭാഗം അപേക്ഷാ ഫീസ് 1000/- രൂപ. പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാർ 500/ രൂപ. അപേക്ഷാ ഫീസ് ഓൺലൈൻ മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ് / സബ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ**: സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ പ്രിന്റൗട്ട് പ്രോസ്പെക്ടസ് ക്ലോസ് 11.7–ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **17.03.2020** വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി അവരുടെ കൺട്രോളിംഗ് ഓഫീസർക്ക് (DME/DHS/DIMS)സമർപ്പിക്കേണ്ടതാണ്.

7. **എസ്.സി.,/എസ്.റ്റി/എസ്.ഇ.ബി.സി/ പ്രത്യേക സംവരണ വിഭാഗത്തിൽപ്പെടുന്നവർ** യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി നിശ്ചിത സമയത്തിനകം ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

8. സംസ്ഥാനത്തെ സ്വാശ്രയ ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ ക്വാട്ട, എൻ.ആർ.ഐ. ക്വാട്ട എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ പി.ജി. ഡെന്റൽ സീറ്റുകളിലും നീറ്റ് റാങ്കിന്റെ അടിസ്ഥാന

ത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

9. **എൻ.ആർ.ഐ. ക്വാട്ടാ പ്രവേശനം:** എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/ അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/ അമ്മ/ സഹോദരൻ അല്ലെങ്കിൽ സഹോദരി (മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ ഭർത്താവ്/ ഭാര്യ/ അച്ഛന്റേയോ അമ്മയുടെയോ സഹോദരീ സഹോദരൻമാർ (അച്ഛന്റേയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ അർദ്ധ സഹോദരൻ/ അർദ്ധ സഹോദരി/ ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം. സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **22.02.2020-ലെ ജി.ഒ (ആർ.റ്റി) നം.375/2020/ആ.കു.വ.**പ്രകാരമുള്ള താഴെ പറയുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

    1) എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. വിസയുടെ കാലാവധി 31.05.2020 വരെ നിർബന്ധമായും ഉണ്ടായിരിക്കണം.
    2) പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസ്സി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാവും.
    3) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും (06.08.2019-ലെ ജി.ഒ (എം.എസ്) നം.243/14/ആ.കു.വ.).
    4) വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/-രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.
    5) സ്പോൺസർ ഒരു ഇന്ത്യൻ പൗര്യൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

10. **മൈനോറിറ്റി ക്വാട്ടാ സീറ്റ്:** ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി ക്വാട്ടാ (ക്രിസ്ത്യൻ/മുസ്ലീം) സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും കേരള സംസ്ഥാന വിദ്യാഭ്യാസ ആവശ്യത്തിനുള്ള നോൺക്രിമീലെയർ സർട്ടിഫിക്കറ്റ് / മൈനോറിറ്റി /കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

11. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല. അപേക്ഷാർത്ഥികൾ ആവശ്യമായ രേഖകൾ ഓൺലൈൻ അപേക്ഷാവേളയിൽ തന്നെ അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

12. **ഡാറ്റാ ഷീറ്റ്:** പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെറിറ്റ്/കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥികൾക്കുള്ള ഡാറ്റാഷീറ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽനിന്നും പിന്നീട് വിജ്ഞാപനം ചെയ്യുന്ന തീയതിക്കുശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

13. **സർവ്വീസ് ക്വാട്ട** ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസിലെ ക്ലോസ് 16–ലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

14. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ 2020–ലെ ബിരുദാനന്തര ബിരുദ ഡെന്റൽ കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300**

തിരുവനന്തപുരം
10.03.2020

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**